**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2645** 13.03.2020-ൽ മറുപടിക്ക്

**തുടിക്കോട്-വാക്കോട് റോഡിനായി ഭരണാനുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പട്ടിയപ്പൻ-തരിശ്- എസ്.റ്റി. കോളനി റോഡിന് പകരം നിർദ്ദേശിച്ച തുടിക്കോട്- വാക്കോട് റോഡിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;<br>(സി) ഇക്കാര്യത്തിൽ 2020 മാർച്ച് 31-ന് മുൻപായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>31.03.2018-ലെ സ.ഉ(സാധാ) നം. 633/2018/പൊ.മ.വ പ്രകാരം പട്ടിയപ്പൻ തരിശ് - എസ്.റ്റി. കോളനി റോഡ്(ട്രൈബൽ റോഡ്) അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന് പകരം 'കല്ലടിക്കോട് - തുടിക്കോട് റോഡ് കി.മീ 1/900 മുതൽ 7/300 വരെ' എന്ന പ്രവൃത്തി നടത്തുവാൻ നിർദ്ദേശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ 03.01.2020-ൽ പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുണ്ടായി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ